**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടുവെന്നും നൽകപ്പെട്ട നഷ്ടപരിഹാരത്തുക എത്രയാണെന്നും വർഷം തിരിച്ച് നൽകാമോ; | (എ) | 2016 മുതൽ നാളിതുവരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ 968 പേർ മരണപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാരത്തുകയായി 2663.49 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്ഥിരമായി വന്യജീവി ആക്രമണമുണ്ടാകുന്ന സ്ഥലങ്ങളിൽ അവ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്തും ജനവാസ മേഖലകളിൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ഉള്ളതായി ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി 07-03-2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 4/2024/DMD പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. സംഘർഷം ഫലപ്രദമായി നേരിടുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 07-03-2024 ലെ തന്നെ സർക്കാർ ഉത്തരവ് (കൈ) നം. 12/2024/വനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വനമേഖലയോടു ചേർന്നു കിടക്കുന്ന ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും ജീവനും ഭീക്ഷണിയുണ്ടാക്കുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, സൗരോർജ്ജ തൂക്കുവേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് മുതലായവ നിർമ്മിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇറങ്ങുന്ന ആനകളെ സുരക്ഷിതമായി വനത്തിലേക്കുതന്നെ തുരത്തുന്നതിനായി പരിശീലനം ലഭിച്ച കുംകി ആനകളെ ഉപയോഗിച്ചുവരുന്നു. വന്യമൃഗങ്ങളുടെ സാന്നിധ്യം പൊതുജനങ്ങളെ മുൻകൂറായി അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമേ വനാതിർത്തികളിൽ ജന-ജാഗ്രതാ സമിതികൾ |

| | | | |
|---|---|---|---|
| | | | രൂപീകരിച്ച് തദ്ദേശവാസികളുടെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ കടക്കുന്നത് തടയുന്നതിന് നിരന്തര പട്രോളിങ്ങ് നടത്തിയും പരിശീലനം ലഭിച്ച ജീവനക്കാരേയും ആർ.ആർ.റ്റി. വാച്ചർമാരേയും ഇ.ഡി.സി. അംഗങ്ങളേയും വിന്യസിച്ചും സുരക്ഷിതത്വം ഉറപ്പാക്കി വരുന്നു. കൂടാതെ, താല്ക്കാലിക ആർ.ആർ.റ്റി. വിഭാഗത്തിന്റേയും ഇ.ഡി.സി.കളുടേയും സേവനവും പിന്തുണയും ടി പ്രവർത്തനങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട്. കൂടുതൽ പ്രദേശത്തേക്ക് പ്രതിരോധ മാർഗ്ഗങ്ങൾ വ്യാപിപ്പിക്കുന്നതിനും വന്യജീവികൾ കാടിനു വെളിയിലേക്ക് വരാത്ത വിധം അവയ്ക്ക് ഹിതകരമായ രീതിയിൽ കാട്ടിലെ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി നിലവിലുള്ള കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നവയിലെ ചെളി നീക്കം ചെയ്തും ആവശ്യമായ സ്ഥാനങ്ങളിൽ പുതിയവ നിർമ്മിച്ചും പരിപാലിച്ചും വരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ചട്ടപ്രകാരം ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അധികാരം നൽകിയിട്ടുണ്ട്. അതിനായുള്ള സർക്കാർ ഉത്തരവിന് 27-05-2025 വരെ പ്രാബല്യമുണ്ട്.<br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനത്ത് ഒട്ടാകെ സ്ഥിരവും താൽക്കാലികവുമായി 28 ആർ.ആർ.റ്റി.കൾ പ്രവർത്തിച്ചുവരുന്നു. വിഷപ്പാമ്പുകൾ മൂലം മനുഷ്യർക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും പാമ്പുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി രണ്ടായിരത്തി നാന്നൂറോളം പരിശീലനം ലഭിച്ച വോളന്റിയർമാരുടെ സേവനവും ലഭ്യമാണ്. SARPA മൊബൈൽ ആപ്ലിക്കേഷനും പ്രവർത്തനക്ഷമമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | വന്യമൃഗങ്ങൾ കാരണം ഉണ്ടായിട്ടുള്ള മരണങ്ങൾ | നഷ്ടപരിഹാരം നൽകിയ തുക (₹ ലക്ഷം) *(സാമ്പത്തികവർഷാടിസ്ഥാനത്തിൽ 2016-17 മുതൽ)* | |
|---|---|---|---|
| 2016 | 142 | 2016-17 | 239.75 |
| 2017 | 110 | 2017-18 | 198.21 |
| 2018 | 134 | 2018-19 | 242.66 |
| 2019 | 100 | 2019-20 | 221.70 |
| 2020 | 100 | 2020-21 | 270.50 |
| 2021 | 127 | 2021-22 | 444.10 |
| 2022 | 111 | 2022-23 | 337.31 |
| 2023 | 106 | 2023-24 | 709.26 |
| 2024 | 38 | 2024-25 | - |
| **ആകെ** | **968** | | **2,663.49** |